71 (1920) സബ്സ്റ്റേഷന്റെ പണി

<u>ശ്രീ. പി. രാജു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറവൂർ നിയോജകമണ്ഡലത്തിലെ ആലങ്ങാട് പഞ്ചായത്തിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ള 33 കെ.വി. സബ്സ്റ്റേഷന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണ്; സ്ഥലം എടുക്കാൻ നടപടികൾ പൂർത്തീകരിച്ചോ; എന്നത്തേയ്ക്ക് ഇതിന്റെ പണി ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) വരാപ്പുഴയിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്ന സബ്സ്റ്റേഷന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കിയോ; വരാപ്പുഴയിൽ ഭൂമിയ്ക്ക് അമിതവില ആയതിനാൽ കോടുവള്ളി പഞ്ചായത്തിൽ സ്ഥലം എടുക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ;

(സി) മന്നം 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തീകരിക്കുവാൻ കഴിയും എന്നാണ് കണക്കാക്കിയിരിക്കുന്നത്?

<u>ഉത്തരം</u>

(എ) ആലങ്ങാട് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സബ്സ്റ്റേഷന്റെ പണി അടുത്ത സാമ്പത്തികവർഷം ആരംഭിക്കാൻ കഴിയും.

(ബി) വരാപ്പുഴയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന 33 കെ.വി. സബ്സ്റ്റേഷന്റെ സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 58 സെന്റ് സ്ഥലമാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. ഇപ്പോൾ നിർണ്ണയിച്ചിട്ടുള്ള സ്ഥലം ലോഡ് സെന്ററായതിനാലും മറ്റു സൗകര്യങ്ങൾ ഉള്ളതുകൊണ്ടും ഇനിയും മാറ്റി നിർണ്ണയിക്കാൻ ഉദ്ദേശിക്കുന്നില്ല.

(സി) മന്നം 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം 2000-ാമാണ്ട് ഡിസംബർ മാസത്തോടെ പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

72 (1921) നാദാപുരത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി

<u>ശ്രീ. സത്യൻ മൊകേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മേജർ സെക്ഷന്റെ പരിധിയിൽപ്പെട്ട പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സാമ്പത്തിക വർഷം നാദാപുരം മേജർ സെക്ഷന്റെ പരിധിയിലുള്ള ഉമ്മത്തൂർ, ചാലപ്പുറം, കൊളോത്ത്, താഴം എന്നീ പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുള്ള ജോലികൾ പൂർത്തിയാക്കിയി

LIBRARY ARCHIVES Kerala Legislative Assembly